E-147586/22

2 - FEB 2022

വിവരാവകാശ നിയമം 2005 പ്രകാരം സമർപ്പിക്കുന്ന അപേക്ഷ

പ്രേഷകൻ Vishnu.S
Sreedharavilasam Kulaiyode
Ambalathinkala p.o. Kattakada
Thiruvanathapuram- 695572

സ്വീകർത്താവ് Public Information officer
Directorate of Social Justice
Vikas bhavan 5th floor
Trivandrum 695033

സർ/മാഡം

F

വിഷയം: എൽ ഡി ടൈപ്പിസ്റ്റ് തസ്തികയുമായി ബന്ധപ്പെട്ട് വിവരാവകാശ നിയമം 2005 പ്രകാരം സമർപ്പിക്കുന്ന അപേക്ഷ

ചോദ്യം 1. താങ്കളുടെ വകുപ്പിന് കീഴിൽ കൊല്ലം ജില്ലയിൽ ആകെ എത്ര എൽ ഡി ടൈപ്പിസ്റ്റ് അല്ലെങ്കിൽ അതിന്റെ പ്രൊമോഷൻ തസ്തികകൾ ഉണ്ട് ? കൊല്ലം ജില്ലയിലെ ഏതൊക്കെ ഓഫീസുകളിൽ ആണ് ഉള്ളത് ?

ചോദ്യം 2. 2020 സെപ്റ്റംബർ 1 മുതൽ 2021 ഡിസംബർ 31 വരെ താങ്കളുടെ വകുപ്പിൽ കൊല്ലം ജില്ലയിൽ എൽ ഡി ടൈപ്പിസ്റ്റ് അല്ലെങ്കിൽ അതിന്റെ പ്രൊമോഷൻ തസ്തികകളിൽ നിന്ന് എത്ര പേർ വിരമിച്ചിട്ടുണ്ട് ?

a) ഏതൊക്കെ തീയതികളിൽ ആണ് വിരമിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുക ?

b) വിരമിച്ചുണ്ടായ ഒഴിവുകൾ പി എസ് സി ക്കു റിപ്പോർട്ട് ചെയ്തിട്ടുണ്ടോ?ഉണ്ടെങ്കിൽ റിപ്പോർട്ട് ചെയ്ത തീയതി വ്യക്തമാക്കുക?

c) വിരമിച്ചുണ്ടായ ഒഴിവുകൾ ഉദ്യോഗസ്ഥ ഭരണ വകുപ്പിന്റെ ഉത്തരവ് പ്രകാരവും സേവനാവകാശ നിയമ പ്രകാരവും റിപ്പോർട്ട് ചെയ്യാത്ത സാഹചര്യം ഉണ്ടെങ്കിൽ അതിനുള്ള സാഹചര്യവും മറ്റു വിധത്തിൽ ഒഴിവുകൾ നികത്തുന്നെങ്കിൽ അതിന്റെ മാനദണ്ഡവും ഉത്തരവ് സഹിതം അറിയിക്കുക?

ചോദ്യം 3. താങ്കളുടെ വകുപ്പിൽ കൊല്ലം ജില്ലയിൽ 2022 ജനുവരി 1 മുതൽ 2023 ഡിസംബർ 31 വരെ എത്ര പേർ എൽ ഡി ടൈപ്പിസ്റ്റ് അല്ലെങ്കിൽ അതിന്റെ പ്രൊമോഷൻ തസ്തികകളിൽ നിന്ന് വിരമിക്കുന്നുണ്ട് എന്ന് സർവീസ് ബുക്കിന്റെ അടിസ്ഥാനത്തിൽ വ്യക്തമാക്കുക ?

a) ഏതൊക്കെ തീയതികളിൽ ആണ് വിരമിക്കുന്നത് എന്ന് സർവീസ് ബുക്കിന്റെ അടിസ്ഥാനത്തിൽ വ്യക്തമാക്കുക ?

b) അതിൽ 2022 ഡിസംബർ 31 വരെയുള്ള ഒഴിവുകൾ ബഹു.ഉദ്യോഗസ്ഥഭരണ വകുപ്പിന്റെ 05.10.2021 ലെ ഉത്തരവ് നമ്പർ ഉ.പ.സി.3/174/2021/ഉ.പ.ഭ.വ പ്രകാരം അന്റിസിപേറ്ററി വാക്കൻസി ആയി റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ?എത്ര എണ്ണം റിപ്പോർട്ട് ചെയ്തു?എത്ര എണ്ണം ഇനി റിപ്പോർട്ട് ചെയ്യാൻ ഉണ്ട് ?

c) റിപ്പോർട്ട് ചെയ്തിട്ടില്ലെങ്കിൽ സേവനാവകാശ നിയമ പ്രകാരം എന്ന് റിപ്പോർട്ട് ചെയ്യുമെന്ന് അറിയിക്കുക ?

d) മറ്റേതെങ്കിലും തരത്തിൽ നികത്താനായി മാറ്റി വച്ച ഒഴിവുകൾ ഉണ്ടെങ്കിൽ അതിനുള്ള സർക്കാർ ഉത്തരവും അങ്ങനെ നികത്തുന്നതിന് വേണ്ടി ഏതെങ്കിലും അപേക്ഷകൾ നിലവിൽ ഉണ്ടെങ്കിൽ അതിന്റെ വിവരങ്ങളും വ്യക്തമാക്കുക?

**ചോദ്യം 4.** താങ്കളുടെ വകുപ്പിൽ എൽ ഡി ടൈപ്പിസ്റ്റ് തസ്തികളിലേക്ക് മറ്റു ജില്ലകളിൽ നിന്ന് ട്രാൻസ്ഫർ അനുവദിക്കാനുള്ള മാനദണ്ഡങ്ങൾ ഏതൊക്കെയാണ് ? ഒരു വർഷം ഉണ്ടാകുന്ന ഒഴിവിന്റെ എത്ര ശതമാനമാണ് അത്തരത്തിൽ ട്രാൻസ്ഫറിനു നീക്കി വെക്കുന്നത് ?

a) എൽ ഡി ടൈപ്പിസ്റ്റ് തസ്തികയിൽ താങ്കളുടെ വകുപ്പിൽ കൊല്ലം ജില്ലയിൽ അവസാനം ഉണ്ടായ 10 ഒഴിവുകളിൽ എത്ര എണ്ണം പി എസ് സി വഴി / എത്ര എണ്ണം അന്യ ജില്ല ട്രാൻസ്ഫർ വഴി / എത്ര എണ്ണം ലോ പൈഡ് എംപ്ലോയീസ് പ്രൊമോഷൻ വഴി നികത്തി എന്ന് തീയതി സഹിതം വ്യക്തമാക്കുക ?

**ചോദ്യം 5.** താങ്കളുടെ വകുപ്പിന് കീഴിൽ 2017 ജനുവരി മുതൽ നാളിതു വരെ ടൈപ്പിസ്റ്റ് തസ്തികയിൽ എത്ര പേർക്ക് അന്തർ ജില്ല സ്ഥലം മാറ്റം അനുവദിച്ചു എന്ന് വ്യക്തമാക്കുക ?

a) അന്തർ ജില്ല സ്ഥലം മാറ്റം അനുവദിച്ച ഉത്തരവിന്റെ തീയതി നമ്പർ എന്നിവ വ്യക്തമാക്കുക?

b) അന്തർ വകുപ്പ് സ്ഥലം മാറ്റം ലഭിക്കുന്നതിനായി അപേക്ഷകൾ നിലവിലുണ്ടോ? ഉണ്ടെങ്കിൽ വിവരം ലഭ്യമാക്കുക?

**ചോദ്യം 6.** നിലവിൽ താങ്കളുടെ വകുപ്പിൽ കൊല്ലം ജില്ലയിലേക്ക് എൽ ഡി ടൈപ്പിസ്റ്റ് അല്ലെങ്കിൽ അതിന്റെ പ്രൊമോഷൻ തസ്തികകളിലേക്ക് മറ്റു ജില്ലകളിൽ നിന്ന് ഇന്റർ ഡിസ്ട്രിക്ട് ട്രാൻസ്ഫെറിനുള്ള എത്ര അപേക്ഷ നിലവിലുണ്ട് ?

a) അതിൽ എത്ര പേർ മറ്റു ജില്ലകളിൽ 5 വർഷം സർവീസ് പൂർത്തിയാക്കിയവർ ആണ്?

b) അപേക്ഷകന്റെ പേരും നിലവിലെ തസ്തികയും ജില്ലയും വ്യക്തമാക്കുക?

ചോദ്യം 7. നിലവിൽ താങ്കളുടെ വകുപ്പിൽ കൊല്ലം" ജില്ലയിൽ നിന്ന് മറ്റു ജില്ലകളിലേക്ക് എൽ ഡി ടൈപ്പിസ്റ്റ് അല്ലെങ്കിൽ അതിന്റെ പ്രൊമോഷൻ തസ്തികകളിൽ നിന്ന് ഇന്റർ ഡിസ്ട്രിക്ട് ട്രാൻസ്ഫെറിനുള്ള എത്ര അപേക്ഷ നിലവിലുണ്ട് ?

a) അതിൽ എത്ര പേർ ജില്ലയിൽ 5 വർഷം സർവീസ് പൂർത്തിയാക്കിവർ ആണ് ?

b) അവരുടെ പേരും നിലവിലെ തസ്തികയും വ്യക്തമാക്കുക ?

ചോദ്യം 8. താങ്കളുടെ വകുപ്പിൽ കൊല്ലം ജില്ലയിൽ എൽ ഡി ടൈപ്പിസ്റ്റ് അല്ലെങ്കിൽ അതിന്റെ പ്രൊമോഷൻ തസ്തികയിൽ ഉള്ള എത്ര പേർ തസ്തിക മാറ്റത്തിനായി (Category change) അപേക്ഷിച്ചിട്ടുണ്ട് ?

a) അവരുടെ പേരും നിലവിലെ തസ്തികയും ഓഫീസും വ്യക്തമാക്കുക ?

ചോദ്യം 9. താങ്കളുടെ വകുപ്പിൽ എൽ ഡി ടൈപ്പിസ്റ്റ് തസ്തികയിലേക്ക് ലോ പൈഡ് എംപ്ലോയീസിന് പ്രൊമോഷൻ നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ ഏതൊക്കെയാണ്?അങ്ങനെ അനുവദിക്കുന്നതിനുള്ള അനുപാതം എത്രയാണ്?

ചോദ്യം 10. താങ്കളുടെ വകുപ്പിൽ കൊല്ലം ജില്ലയിൽ എൽ ഡി ടൈപ്പിസ്റ്റ് തസ്തികയിൽ നിന്ന് യൂ ഡി ടൈപ്പിസ്റ്റ് ആയി പ്രൊമോഷൻ ആയാൽ എൽ ഡി ടൈപ്പിസ്റ്റ് തസ്തികയിൽ പുതിയ ഒഴിവ് ഉണ്ടാകുമോ ?അങ്ങനെയെങ്കിൽ

a) 2020 സെപ്റ്റംബർ 1 മുതൽ 2021 ഡിസംബർ 31 വരെ എത്ര പേർ എൽ ഡി ടൈപ്പിസ്റ് തസ്തികയിൽ നിന്ന് യൂ ഡി ടൈപ്പിസ്റ്റ് ആയി കൊല്ലം ജില്ലയിൽ പ്രൊമോഷൻ ആയിട്ടുണ്ട് ?

b) അങ്ങനെ ഉണ്ടായ ഒഴിവുകൾ റിപ്പോർട്ട് ചെയ്തില്ലെങ്കിൽ സേവനാവകാശ നിയമം 2012 പ്രകാരവും ബഹു ഉദ്യോഗസ്ഥ ഭരണവകുപ്പിന്റെ 05.10.2021 തീയതിയിലെ ഉത്തരവ് നമ്പർ ഉ.പ.സി.3/174/2021/ഉ.പ.ഭ.വ പ്രകാരവും എന്നത്തേക്ക് റിപ്പോർട്ട് ചെയ്യുമെന്ന് വ്യക്തമാക്കുക?

c) 2022 ജനുവരി 1 മുതൽ 2023 ഡിസംബർ 31 വരെ എത്ര പേർ കൊല്ലം ജില്ലയിൽ എൽ ഡി ടൈപ്പിസ്റ്റ് തസ്തികയിൽ നിന്ന് യൂ ഡി ടൈപ്പിസ്റ്റ് പ്രൊമോഷൻ ആകാനുണ്ട് എന്ന് സീനിയോറിറ്റി ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ വ്യക്തമാക്കുക ?

എന്ന്

വിശ്വസ്തതയോടെ Vishnu S

[signature]

സ്ഥലം: Ambalathumkala

1/2/2022